LIBRARY ARCHIVES Kerala Legislative Assembly

കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാൻ കേന്ദ്ര ഏജൻസിയുടെ എൻ.സി.റ്റി.ഇ. നിർദ്ദേശം

7 (1060) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന ബി.എഡ്. സെന്ററുകൾ അടച്ചുപൂട്ടാൻ കേന്ദ്ര ഏജൻസിയുടെ എൻ.സി.റ്റി.ഇ. നിർദ്ദേശം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് നൽകാമോ ;

(ബി) സംസ്ഥാനത്ത് മെരിറ്റിൽ അഡ്മിഷൻ നടത്തി മികച്ച അദ്ധ്യാപകരെ വാർത്തെടുക്കുന്ന പ്രസ്തുത സ്ഥാപനം സംരക്ഷിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) പ്രസ്തുത സ്ഥാപനത്തെ തകർക്കാൻ സ്വാശ്രയ സ്ഥാപനങ്ങളും അതിന്റെ നടത്തിപ്പുകാരും ഇടപെട്ടിട്ടുണ്ടോ ;

(ഡി) ബഹുമാനപ്പെട്ട കോടതികളിൽ എന്തെങ്കിലും കേസ് നിലവിലുണ്ടോ ; ഉണ്ടെങ്കിൽ വിശദീകരിക്കാമോ ;

(ഇ) ഇക്കാര്യത്തിൽ ഇപ്പോൾ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; പ്രസ്തുത സ്ഥാപനം സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരള സർവ്വകലാശാല നേരിട്ട് നടത്തുന്ന പത്ത് ബി.എഡ്. സെന്ററുകളുടെയും അംഗീകാരം 2014-15 അദ്ധ്യയനവർഷത്തിൽ പിൻവലിച്ച കൊണ്ട് എൻ.സി.റ്റി.ഇ.-യുടെ സതേൺ റീജിയണൽ കമ്മിറ്റി (എസ്.ആർ.സി.) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സർവ്വകലാശാലയുടെ ബി.എഡ്. കോളേജുകൾക്ക് അംഗീകാരം പിൻവലിച്ചുകൊണ്ടുള്ള ഉത്തരവ് ലഭിച്ച ഉടൻ സർവ്വകലാശാല എൻ.സി.റ്റി.ഇ.-ക്ക് ഒരു ലക്ഷം രൂപ ഫീസ് അടച്ച് അപ്പീൽ നൽകുകയുണ്ടായി. പ്രസ്തുത അപ്പീലിൽ 24-11-2014-ൽ അപ്പീൽ കമ്മിറ്റി സർവ്വകലാശാലയുടെ ഭാഗം കേൾക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തുനിന്നുള്ള സംഘം കേരളത്തിന്റെ ആവശ്യങ്ങൾ ഉന്നയിക്കുന്നതിനായി ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുമായും കേന്ദ്ര മന്ത്രിമാരുമായും കൂടിക്കാഴ്ച നടത്തിയ വേളയിൽ കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷന്റെ പത്ത് സ്ഥാപനങ്ങൾക്കും തുടർ അംഗീകാരം നൽകണമെന്ന വിഷയം വളരെ പ്രാധാന്യത്തോടെ ബഹുമാനപ്പെട്ട കേന്ദ്ര മാനവവിഭവശേഷി വകുപ്പുമന്ത്രി മുമ്പാകെ അവതരിപ്പിച്ചിട്ടുമുണ്ട്. ഇതിന്മേൽ തീരുമാനങ്ങളൊന്നും ഇതുവരെ ലഭ്യമായിട്ടില്ല. പ്രസ്തുത കോളേജുകൾക്ക് തുടർ അംഗീകാരം ലഭിക്കുന്നതിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടരുകയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സർവ്വകലാശാല നടത്തുന്ന ബി.എഡ്. കോളേജുകൾ നിലനിർത്തണമെന്നാവശ്യപ്പെട്ട് കൊണ്ട് പ്രസ്തുത കോളേജുകളിലെ അദ്ധ്യാപകരുടെ സംഘടനയായ അസോസിയേഷൻ ഓഫ് കേരള യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ WP(c)No.2 8138/2014 എന്ന കേസ് ഫയൽ ചെയ്തിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

(ഇ) 'ബി' പിരിവിന്റെ മറുപടിയോടൊപ്പം ചേർത്തിട്ടുണ്ട്

കോളേജ് വിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ

8 (1061) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ അദ്ധ്യാപകരുടെ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യുന്നതിന്റെ നടപടികൾ വിശദമാക്കാമോ ;

(ബി) ഹോം സ്റ്റേഷൻ സംബന്ധിച്ച ദൂരപരിധി, എത്ര കാലം ഹോം സ്റ്റേഷനിൽ തുടരാം എന്നിവ സംബന്ധിച്ച മാനദണ്ഡങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള അദ്ധ്യാപകർ നിശ്ചിത പ്രൊഫോർമയിൽ ഹോം സ്റ്റേഷൻ ഡിക്ലയർ ചെയ്യാനുള്ള അപേക്ഷ പ്രിൻസിപ്പാൾ മുഖാന്തരം കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കും.

(ബി) (എ) ഔട്ട് സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി - ഹോം സ്റ്റേഷനിൽ നിന്നും 250 കി.മീ.-നും 425 കി.മീ.-നും ഇടയിലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1¼ വർഷമായി കണക്കാക്കുന്നതാണ്.

(ബി) ഔട്ട് സ്റ്റേഷൻ സർവ്വീസ്-കണക്കാക്കുന്നതിനുള്ള ദൂരപരിധി-ഹോം സ്റ്റേഷനിൽ നിന്നും 425 കി.മീ.-ൽ കൂടുതലുള്ള സ്റ്റേഷനാണെങ്കിൽ ഓരോ വർഷത്തെ സർവ്വീസും 1½ വർഷമായി കണക്കാക്കുന്നതാണ്.

(സി) സേവനം പൂർത്തിയാക്കുന്ന കാലയളവിന്റെ അടിസ്ഥാനത്തിൽ വെയിറ്റേജ് നൽകുന്നതാണ്.

(ഡി) 3 വർഷം ഔട്ട് - സ്റ്റേഷൻ സർവ്വീസ് പൂർത്തിയാക്കിയിട്ടുള്ള ഒരദ്ധ്യാപകന് ഹോം സ്റ്റേഷനിലേക്ക് സ്ഥലംമാറ്റം അനുവദിച്ചാൽ സ്ഥാനക്കയറ്റമോ പ്രതീക്ഷിക്കാതെയുള്ള മറ്റ് ആവശ്യങ്ങളോ ഉണ്ടാകാത്ത പക്ഷം അദ്ദേഹത്തിന് 3 വർഷം ഹോം സ്റ്റേഷനിൽ തുടരാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly